2024 JUNE 13 THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ഇന്ത്യ സൂപ്പർ എയ്റ്റിൽ

**ന്യൂയോർക്ക്:** പരീക്ഷണങ്ങൾ പലതും വീണ്ടും പാളി. പക്ഷേ, ഒടുവിൽ യുഎസ്എയെ ഏഴു വിക്കറ്റിനു കീഴടക്കിയ ഇന്ത്യ ട്വൻറി20 ലോകകപ്പിൻറെ സൂപ്പർ എയ്റ്റ് റൗണ്ടിൽ ഇടം ഉറപ്പിച്ചു. അയർലൻഡിനെയും പാക്കിസ്ഥാനെയും തോൽപ്പിച്ച ടീമിൽ മാറ്റങ്ങളില്ലാതെയാണ് ഇന്ത്യ യുഎസ്എയെയും നേരിടാൻ ഇറങ്ങിയത്. ക്യാനഡയ്ക്കെതിരായ മത്സരം ബാക്കി നിൽക്കെ സൂപ്പർ എയ്റ്റിൽ ഇടം ഉറപ്പിക്കുകയും ചെയ്തു. ഗ്രൂപ്പിൽ നിന്ന് ഒരു ടീമിനു കൂടി അടുത്ത ഘട്ടത്തിലെത്താൻ അവസരമുണ്ട്, അത് പാക്കിസ്ഥാനോ യുഎസ്എയോ ആകാം, അന്തിമ തീരുമാനം നെറ്റ് റൺറേറ്റിൻറെ അടിസ്ഥാനത്തിലാകും.

യുഎസ്എയ്ക്കെതിരേ ടോസ് നേടിയ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമ പ്രതീക്ഷിച്ചതു പോലെ ഫീൽഡിങ് തന്നെ തെരഞ്ഞെടുത്തു. ആദ്യ ഓവറിൽ തന്നെ രണ്ടു വിക്കറ്റ് വീഴ്ത്തിക്കൊണ്ട് അർഷ്ദീപ് സിങ് യുഎസ്എയുടെ ടെയ്ക്ക് ഓഫ് തടഞ്ഞു. മത്സരത്തിലാകെ നാലോവറിൽ ഒമ്പത് റൺസ് മാത്രം വഴങ്ങി നാല് വിക്കറ്റ് നേടിയ അർഷ്ദീപ് തന്നെയാണ് ഇന്ത്യൻ ബൗളർമാരിൽ മികച്ചുനിന്നത്. പ്ലെയർ ഓഫ് ദ മാച്ചും മറ്റാരുമല്ല.

മുഹമ്മദ് സിറാജും ജസ്പ്രീത് ബുംറയും നാലോവറിൽ 25 റൺസ് വീതം വഴങ്ങിയെങ്കിലും വിക്കറ്റൊന്നും കിട്ടിയില്ല. എന്നാൽ, നാലോവറിൽ 14 റൺസ് മാത്രം വഴങ്ങി രണ്ട് വിക്കറ്റ് നേടിയ ഹാർദിക് പാണ്ഡ്യ ഒരിക്കൽക്കൂടി ബൗളർ എന്ന നിലയിൽ ടീമിലെ തൻറെ പ്രാധാന്യം തെളിയിച്ചു.

# കുവൈറ്റ് തീപിടിത്തം: 49 പേർ മരിച്ചു

## മരിച്ചവരിൽ 11 മലയാളികൾ

**കുവൈറ്റ് സിറ്റി:** കുവൈറ്റിൽ തൊഴിലാളികൾ താമസിച്ചിരുന്ന ആറുനിലക്കെട്ടിടത്തിന് തീപിടിച്ച് മലയാളികൾ ഉൾപ്പെടെ 49 പേർ മരിച്ചു. നിരവധി പേർക്ക് പൊള്ളലേറ്റു. മംഗഫിൽ മലയാളിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടനിർമാണക്കമ്പനി എൻബിടിസിയുടെ പാർപ്പിട സമുച്ചയത്തിൽ ഇന്നലെ പുലർച്ചെ ആറിനാണ് ദുരന്തം. കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നടക്കം മരിച്ചവരിൽ 41 പേർ ഇന്ത്യക്കാരാണെന്നു റിപ്പോർട്ട്. ഇവരിൽ 11 മലയാളികളുണ്ടെന്നു പ്രാഥമിക വിവരം.

മരണമടഞ്ഞവരിൽ കൊല്ലം ഓയൂർ സ്വദേശി ഉമറുദ്ദീൻ ഷമീർ (33), പന്തളം സ്വദേശി ആകാശ് ശശിധരൻ നായർ (23), കാസർഗോഡ് കുണ്ടടുക്കം സ്വദേശി രഞ്ജിത്, പൊന്മലേരി സ്വദേശി കേളു (51), കോട്ടയം പാമ്പാടി സ്വദേശി സ്റ്റെഫിൻ എബ്രഹാം സാബു (29), വാഴമുട്ടം സ്വദേശി പി.വി. മുരളീധരൻ (54) എന്നിവരെ തിരിച്ചറിഞ്ഞു.



കുവൈത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ച മലയാളികൾ. ആകാശ് എസ്. നായർ, ഉമറുദ്ദീൻ ഷമീർ, പി. വി. മുരളീധരൻ, സ്റ്റെഫിൻ എബ്രഹാം സാബു (മുകളിൽ), രഞ്ജിത് കുണ്ടടുക്കം, ലൂക്കോസ്, സാജൻ ജോർജ്, പി.കുഞ്ഞിക്കേളു, സജു വർഗീസ് (താഴെ)

196 തൊഴിലാളികളാണ് ഇവിടെ താമസിച്ചിരുന്നത്. 146 പേരെ രക്ഷിച്ചെന്ന് അധികൃതർ. കെട്ടിടത്തിലെ സെക്യൂരിറ്റി ജീവനക്കാരനായ ഈജിപ്ഷ്യൻ പൗരൻറെ പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചാണ് തീ പടർന്നത്. തൊഴിലാളികൾ ഭൂരിപക്ഷവും ഉറക്കത്തിലായിരുന്നു. തീയും പുകയും നിറഞ്ഞപ്പോഴാണ് പലരും ഉണർന്നത്. ചിലർ താഴേക്കു ചാടി. കോണിപ്പടിക്കു സമീപമായിരുന്നു മൃതദേഹങ്ങളിൽ ഭൂരിപക്ഷവും.

പരുക്കേറ്റവരെ അദാൻ, ജാബിർ, ഫർവാനിയ ആശുപത്രികളിലേക്ക് മാറ്റി. അദാൻ ആശുപത്രിയിൽ 21 പേരും ഫർവാനിയ ഹോസ്പിറ്റലിൽ ആറു പേരെയും മുബാറക് ഹോസ്പിറ്റലിൽ 11 പേരെയും ജാബർ ആശുപത്രിയിൽ 4 പേരെയും അഡ്മിറ്റ് ചെയ്തിട്ടുണ്ട്. പലരുടെയും നില ഗുരുതരമാണ്.

കുവൈറ്റിലെ ഏറ്റവും വലിയ കെട്ടിട നിർമാണക്കമ്പനിയാണ് മലയാളിയായ കെ.ജി. എബ്രഹാമിൻറെ ഉടമസ്ഥതയിലുള്ള എൻബിടിസി ഗ്രൂപ്പ്. കമ്പനി തൊഴിലാളികൾക്കു വേണ്ടി വാടകയ്ക്ക് എടുത്തിരുന്ന പാർപ്പിട സമുച്ചയത്തിലാണ് എൻബിടിസിയുടെ സൂപ്പർമാർക്കറ്റിലെ തൊഴിലാളികളും താമസിച്ചിരുന്നത്. കെട്ടിടത്തിൻറെ ഉടമയായ കുവൈറ്റി പൗരനെ കസ്റ്റഡിയിലെടുത്തെന്ന് സംഭവസ്ഥലം സന്ദർശിച്ച കുവൈറ്റ് ആഭ്യന്തര മന്ത്രി ഷെയ്ഖ് ഫഹദ് അൽ യൂസഫ്. മരിച്ചവരുടെ പൂർണ വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നും താൻ ആശുപത്രിയിൽ കഴിയുന്നവരെ സന്ദർശിച്ച് വിവരങ്ങൾ ശേഖരിക്കുകയാണെന്നും കുവൈറ്റിലെ ഇന്ത്യൻ അംബാസഡർ ആദർശ് സ്വൈക അറിയിച്ചു.

# ഫെയർ ലോക്ക് സേവനവുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** അവസാന നിമിഷം തീരുമാനമാകുന്ന യാത്രകളിലെ ഉയർന്ന ടിക്കറ്റ് നിരക്കിൽ നിന്നും യാത്രക്കാർക്ക് പരിരക്ഷ നൽകുന്നതിനായി ഫെയർ ലോക്ക് സേവനത്തിന് തുടക്കമിട്ട് എയർ ഇന്ത്യ എക്സ്പ്രസ്. യാത്രാതീയതി അടുത്ത വരുമ്പോൾ ഉണ്ടാകുന്ന ടിക്കറ്റ് നിരക്ക് വർദ്ധനവിൽ നിന്നും യാത്രക്കാർക്ക് സംരക്ഷണം നൽകുന്നതാണ് ഈ സേവനം.

യാത്രാ തീയതിക്ക് എത്ര നേരത്തേ വേണമെങ്കിലും അപ്പോൾ എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിൽ ലഭ്യമായ ഏറ്റവും കുറഞ്ഞ നിരക്കിൽ ടിക്കറ്റ് ലോക്ക് ചെയ്ത് വെയ്ക്കാനുള്ള സൗകര്യമാണ് ഇതു വഴി യാത്രക്കാർക്ക് ലഭിക്കുന്നത്. ഈ നിരക്ക് അടുത്ത 7 ദിവസത്തേക്ക് മാറ്റമില്ലാതെ തുടരും. ലോക്ക് ചെയ്യുന്നതിനായി ടിക്കറ്റ് നിരക്ക് നൽകേണ്ടതില്ല. ലോക്ക് ഫീ ആയി ആഭ്യന്തര ടിക്കറ്റിന് 250 രൂപയും അന്താരാഷ്ട്ര ടിക്കറ്റിന് 500 രൂപയും മാത്രമാണ് നൽകേണ്ടത്. ഏഴു ദിവസം വരെ കുറഞ്ഞ നിരക്കിലുള്ള ടിക്കറ്റ് ലോക്ക് ചെയ്യാനും അതേ നിരക്കിൽ യാത്ര ചെയ്യാനും അവസരമൊരുക്കുന്നതാണ് ഫെയർ ലോക്ക് സംവിധാനം. കോഡ് ഷെയർ ബുക്കിംഗുകൾ ഒഴികെയുള്ള എല്ലാ ടിക്കറ്റ് നിരക്കുകൾക്കും ൦൦൦.മശൃശിറശമലഃു്യലൈ.രീ എന്ന എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ ഈ സേവനം ലഭ്യമാണ്.ടിക്കറ്റ് നിരക്ക് വർധനവിൻറെ ആശങ്കയില്ലാതെ യാത്രകൾ ചിട്ടപ്പെടുത്താൻ ഫെയർ ലോക്ക് സേവനം യാത്രക്കാരെ പ്രാപ്തരാക്കുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അങ്കുർ ഗാർഗ് പറഞ്ഞു. എയർലൈൻ എന്ന നിലയിൽ യാത്രക്കാരെ കേന്ദ്രീകരിച്ചുള്ള സമീപനത്തിനാണ് ഞങ്ങൾ പ്രാധാന്യം നൽകുന്നത്. ഫെയർ ലോക്ക് സേവനത്തിലൂടെ ഞങ്ങളുടെ യാത്രികർക്ക് വിമാന നിരക്ക് കൂടുന്നതിന് മുമ്പുള്ള നിരക്കിൽ തന്നെ അവരുടെ യാത്രകൾ സാധ്യമാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.




എയർ ഇന്ത്യ എക്സ്പ്രസിൻറെ വെബ്സൈറ്റിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും ബുക്ക് ചെയ്യുന്ന ലോയൽറ്റി അംഗങ്ങൾക്ക് 8 ശതമാനം വരെ ന്യൂകോയിൻസിന് പുറമേ പ്രത്യേക കിഴിവും ഡീലുകളും ലഭിക്കും. ലോയൽറ്റി അംഗങ്ങൾക്ക് പുറമെ വിദ്യാർത്ഥികൾ, മുതിർന്ന പൗരർ, ചെറുകിട ഇടത്തരം സംരംഭകർ, സായുധ സേനാംഗങ്ങൾ, അവരുടെ ആശ്രിതർ എന്നിവർക്കും എയർ ഇന്ത്യ എക്സ്പ്രസ് വെബ്സൈറ്റിലൂടെ പ്രത്യേക നിരക്കുകളും ആനുകൂല്യങ്ങളും ലഭിക്കും. ചെക്ക്ഇൻ ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുന്നവർക്കായി സാധാരണയേക്കാളും കുറഞ്ഞ നിരക്കിൽ ടിക്കറ്റുകൾ ലഭ്യമാകുന്ന എക്സ്പ്രസ് ലൈറ്റ് നിരക്കുകളും അടുത്തിടെ എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിച്ചിരുന്നു.



# ഓസ്ട്രേലിയയിലേക്ക് എങ്ങനെ കുടിയേറാം

# സൗജന്യ ബോധവത്ക്കരണ ക്യാമ്പയിനുമായി എസിഇടി മൈഗ്രേഷൻ ഓസ്ട്രേലിയ

**കൊച്ചി:** ഓസ്ട്രേലിയയിലേക്ക് സ്ഥിരതാമസത്തിനും വിദ്യാഭ്യാസത്തിനും ശ്രമിക്കുന്നവർക്ക് നിയമ സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന സൗജന്യ ബോധവത്കരണ ക്യാമ്പയിന് തുടക്കമിട്ട് ഓസ്ട്രേലിയയിൽ ആസ്ഥാനമായ എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ. ഓസ്ട്രേലിയയിലെ മെൽബൺ, ബ്രിസ്ബേൻ, പെർത്ത്, ഡാർവിൻ എന്നിവിടങ്ങളിലും ദുബൈയിലും തിരുവനന്തപുരത്തും കൊച്ചിയിലും എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയയുടെ സേവനം ലഭ്യമാണെന്ന് എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ സഹ സ്ഥാപകനും പ്രിൻസിപ്പൽ മൈഗ്രേഷൻ കൺസൾട്ടൻറുമായ മാത്യൂസ് ഡേവിഡ്, എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ കരിയർ കൊച്ചും സഹ സ്ഥാപകനുമായ സുലാൽ മത്തായി എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മൈഗ്രേഷൻ ഏജന്റ്സ് രജിസ്ട്രേഷൻ അതോറിറ്റിയുടെ (ഒഅഞഅ) രജിസ്ട്രേഷൻ ഉള്ള ഇന്ത്യയിലെ തന്നെ പ്രമുഖ സ്ഥാപനമാണ് എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ. ഓസ്ട്രേലിയൻ ഇമിഗ്രേഷൻ നിയമം അനുസരിച്ചു പ്രാക്ടീ




സ് ചെയ്യാൻ അനുവാദമുള്ള അഞ്ച് മൈഗ്രേഷൻ കൺസൽട്ടന്റുമാർ എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയയുടെ ഭാഗമാണ്. ഓസ്ട്രേലിയൻ സർക്കാരിൻറെ അംഗീകാരമുള്ള എൻ ജി ഒ ആയ ഇഗ്നൈറ്റ് പൊട്ടൻഷ്യൽ ഇൻകോർപ്പറേറ്റുമായി ചേർന്നാണ് എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ സൗജന്യ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. ലോകമെമ്പാടുമുള്ള ആളുകൾ കുടിയേറ്റത്തിനായി പരിഗണിക്കുന്ന അഞ്ച് രാജ്യങ്ങളിൽ ഒന്നാണ് ഓസ്ട്രേലിയ.കോവിഡാനന്തരം ഇന്ത്യയിൽ നിന്നും ഏറ്റവുമധികം ആളുകൾ സ്ഥിരതാമസത്തിനും വിദ്യാഭ്യാസത്തിനുമായി സുരക്ഷിതമായി കാണുന്ന രാജ്യമായത് കൊണ്ട് തന്നെ ഇന്ത്യയിൽ നിന്നും പ്രത്യേകിച്ച് കേരളത്തിൽ നിന്നും ധാരാളം പേർ ഓസ്ട്രേലിയ എന്ന ലക്ഷ്യം സ്വപ്നം കാണുന്നു. എന്നാൽ, ഇങ്ങനെ കുടിയേറാൻ ശ്രമിക്കുന്നവരുടെ അറിവില്ലായ്മ ചൂഷണം ചെയ്ത് അവരെ കബളിപ്പിക്കുന്നത് വ്യാപകമായിട്ടുണ്ട്. കുടിയേറ്റത്തെക്കുറിച്ചുള്ള പരിപൂർണമായ അറിവ് നൽകി അവരെ സഹായിച്ചുകൊണ്ട് ഇത്തരം വഞ്ചനകളും തട്ടിപ്പുകളും ഇല്ലാതാക്കാനുള്ള ശ്രമമെന്ന നിലയിലാണ് എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ ഇങ്ങനെ ഒരു ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നതെന്നും ഇവർ പറഞ്ഞു.അന്താരാഷ്ട്ര കുടിയേറ്റത്തെക്കുറിച്ചുള്ള അവബോധവും, ഉപദേശങ്ങളും നൽകി എങ്ങനെ സുരക്ഷിതമായി ആ രാജ്യത്തേക്ക് കടന്ന് ചെന്ന് ഒരു ശോഭന ഭാവി കെട്ടിപ്പടുക്കാമെന്നുമുള്ള അറിവ് പകരുന്നതിനാണ് 'ഓസ്ട്രേലിയൻ കുടിയേറ്റം മിഥ്യകളും വസ്തുതകളും' എന്ന പേരിൽ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നത്.

ഓസ്ട്രേലിയയിൽ എത്തുന്ന കുടിയേറ്റക്കാർക്ക് സെറ്റിൽമെൻറ്, തൊഴിൽ, പരിശീലനം, സോഷ്യൽ എൻറർപ്രൈസ് അവസരങ്ങൾ തുടങ്ങിയ മേഖലകളിൽ ഇഗ്നൈറ്റ് സഹായിക്കുന്നു. ഓസ്ട്രേലിയൻ സർക്കാരിൻറെയും പ്രവിശ്യ സർക്കാരുകളുടെയും സാമ്പത്തിക സഹായം ലഭിക്കുന്നത് കൊണ്ട് തന്നെ എല്ലാ പ്രോഗ്രാമുകളും തികച്ചും സൗജന്യമാണെന്ന് സുലാൽ മത്തായി പറഞ്ഞു.പഠനം പൂർത്തിയാക്കിയ ശേഷം മൈഗ്രേഷൻ ഓപ്ഷൻ പരിഗണിക്കുന്ന വിദ്യാർത്ഥികൾക്ക് താൽപ്പര്യമുള്ള മേഖലകൾ തിരിച്ചറിയാൻ സഹായിക്കുന്നതിന് പ്രവേശനത്തിൻറെ പ്രാരംഭ ഘട്ടത്തിൽ ഒരു കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് തുടങ്ങാൻ എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ പദ്ധതിയിടുന്നു. ഡിമാൻഡുള്ള തൊഴിലുകൾ മനസ്സിലാക്കാനും അതുവഴി അവർക്ക് ഭാവിയിലെ തൊഴിൽ സാധ്യതകൾ തിരിച്ചറിയാനും കഴിയും.

സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വിജ്ഞാനപ്രദമായ വിവിധ സെഷനുകളിലൂടെ അടുത്ത അഞ്ച് വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ 5 ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് വിദേശ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അവരെ അതിനു പ്രാപ്തരാക്കാനും എ സി ഇ ടി മൈഗ്രേഷൻ ഓസ്ട്രേലിയ സഹായിക്കുന്നു.കൊച്ചിയിലെ ക്ലാസുകൾ ഈ മാസം 15 ന് ഹോട്ടൽ ബ്രോഡ് ബീനിൽ വെച്ച് സംഘടിപ്പിക്കും.

കൂടുതൽ വിവരങ്ങൾക്ക്: 7592992991




## ഗ്രാഫൈറ്റ് റഫ്രിജറേറ്ററുകൾ പുറത്തിറക്കി ഹയർ

**കൊച്ചി:** ഹയർ അപ്ലയൻസസ് ഇന്ത്യ സ്റ്റീൽ ഡോർ റഫ്രിജറേറ്ററുകളുടെ പ്രീമിയം ശ്രേണിയായ ഗ്രാഫൈറ്റ് സീരീസ് പുറത്തിറക്കി. വിവിധ സ്റ്റോറേജ് ആവശ്യകതകൾ നിറവേറ്റുന്ന 205 മുതൽ 602 ലിറ്റർ വരെ ശേഷിയിൽ പുറത്തിറക്കുന്ന റഫ്രിജറേറ്ററുകൾ 24,690 രൂപയിൽ തുടങ്ങുന്ന വിലയ്ക്ക് പ്രമുഖ റീട്ടെയിൽ ചാനലുകളിലുടനീളം ലഭ്യമാണ്. സൈഡ്ബൈസൈഡ് ശ്രേണി തുടങ്ങുന്നത് 1,13,990 രൂപയിലാണ്.ഡയറക്ട് കൂൾ, ടോപ് മൗണ്ടഡ്, ബോട്ടം മൗണ്ടഡ്, 2ഡോർ സൈഡ്ബൈസൈഡ്, 3ഡോർ സൈഡ്ബൈസൈഡ് വൈഫൈ തുടങ്ങിയ സൗകര്യങ്ങളോടൊപ്പം 10 വർഷത്തെ കംപ്രസർ വാറന്റിയും 2 വർഷത്തെ ഉൽപ്പന്ന വാറന്റിയും കമ്പനി വാഗ്ദാനം ചെയ്യുന്നു. കൂടാതെ 3ഡോർ വൈഫൈ കൺവേർട്ടബിൾ സൈഡ് ബൈ സൈഡ് റഫ്രിജറേറ്റർ ശ്രേണിയിൽ ഹയ്സ്മാർട്ട് ആപ്പ് ഉപയോഗിച്ച് എവിടെ നിന്നും ഫ്രീസർ വിഭാഗത്തെ ഫ്രിഡ്ജിലേക്ക് മാറ്റാൻ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. കൂടാതെ എല്ലാ റഫ്രിജറേറ്ററുകളിലും ടർബോ ഐസിംഗ് ഫീച്ചർ, ട്രിപ്പിൾ ഇൻവെർട്ടറും ഡ്യുവൽ ഫാൻ സാങ്കേതികവിദ്യയും, സ്റ്റെബിലൈസർ ഫ്രീ ഓപ്പറേഷൻ, ഡിയോഫ്രഷ് ടെക്നോളജി എന്നീ ഫീച്ചറുകളും ലഭ്യമാണെന്ന് ഹെയർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് എൻ എസ് സതീഷ് പറഞ്ഞു.

## ദേശീയ വെൽനസ് കോൺക്ലേവ് നാളെ കൊച്ചിയിൽ

**കൊച്ചി :** വെൽനസ് സൊല്യൂഷൻസ്, സൗഖ്യ ഫൗണ്ടേഷന്റെ സഹകരണത്തോടെ ആഗോളതലത്തിൽ സൗഖ്യ ചികിത്സാ രംഗത്തുണ്ടായിട്ടുള്ള നൂതന സങ്കേതങ്ങളെ പരിചയപ്പെടുത്തുവാനും യഥാർഥ ആരോഗ്യം എന്തെന്ന് ഏവർക്കും മനസിലാക്കുന്നതിനും '*ആരോഗ്യം നമ്മുടെ അവകാശമാണ്*' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി നാളെ കൊച്ചിയിൽ ദേശീയ വെൽനസ് കോൺക്ലേവ് സംഘടിപ്പിക്കും. വൈകുന്നേരം മൂന്ന മുതൽ രാത്രി എട്ടുവരെ എറണാകുളം രവിപുരത്തുള്ള ഹോട്ടൽ മേഴ്സി എസ്റ്റേറ്റിലാണ് കോൺക്ലേവ് നടക്കുന്നത്.

സൗഖ്യ ചികിത്സാ രംഗത്തെ പരിചയസമ്പന്നരായ ഡോ. എ. ശ്രീകുമാർ, ഡോ. ഫഹീം, ഡോ. പ്രിയ ആനന്ദ്, ഡോ. മോത്തി റാണി*, പ്രശസ്ത സർജനായ *ഡോ. രഘു കുമാർ തുടങ്ങിയ വിദഗ്ദ്ധർ നയിക്കുന്ന സോദാഹരണ ആരോഗ്യ സംബന്ധിയായ ചർച്ചകളും സമ്മേളനത്തിൽ പങ്കെടുക്കുന്നവരുമായുള്ള സംവാദവും കോൺക്ലേവി ഉണ്ടാകും.

ഇതോടൊപ്പം വെൽനസ് സൊല്യൂഷൻസ് ഗ്രൂപ്പിന്റെ. നവ സംരംഭമായ അഹം ഇൻനൈസ്ടു വെൽനസ് പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം റിട്ട. ജസ്റ്റിസ് ബി. കെമാൽ പാഷ നിർവ്വഹിക്കും.

സൗഖ്യ ചികിത്സയിലൂടെ വിവിധ രോഗങ്ങളെ അതിജീവിച്ചവരെ റിട്ട. ജസ്റ്റിസ് സിറിയക് ജോസഫ് ചടങ്ങിൽ ആദരിക്കും.

സൗഖ്യ ചികിത്സയിലൂടെ വിവിധ രോഗങ്ങളെ അതിജീവിച്ചവർ കോൺക്ലേവിൽ സംവദിക്കും.കോൺക്ലേവിലേക്കുള്ള പ്രവേശനം സൗജന്യമാണ്. താൽപ്പര്യമുള്ളവർ 93491 91713 എന്ന നമ്പരിൽ വിളിച്ചു രജിസ്റ്റർ ചെയ്യേണ്ടതാണ്.

## പിക്ക്മീയുമായി കൈകോർത്ത് ഫോൺപേ

**കൊച്ചി:** ശ്രീലങ്കയിലെ ഇന്ത്യൻ സഞ്ചാരികൾക്ക്, തടസ്സങ്ങളില്ലാതെ ഡ്വജക വഴിയുള്ള ക്യൂആർ പേയ്മെന്റുകൾ സാധ്യമാക്കുന്നതിന്, ശ്രീലങ്കയിലെ പ്രമുഖ റൈഡ്ഹെയ്‌ലിംഗ് (ഗതാഗതസേവന) പ്ലാറ്റ്ഫോമായ പിക്ക്മീയുമായി കൈകോർക്കുമെന്ന് ഫോൺപേ പ്രഖ്യാപിച്ചു. ബണ്ഡാരനായകെ ഇന്റർനാഷണൽ എയർപോർട്ടിൽ നിന്ന് പുറത്തുകടക്കുന്ന നിമിഷം മുതൽ, ഇന്ത്യൻ സഞ്ചാരികൾക്ക് അവരുടെ പിക്ക്മീ റൈഡുകളിൽ പണരഹിത ഇടപാടുകൾ നടത്താനുള്ള സൗകര്യം ലഭിക്കും. അതുവഴി, അവരുടെ യാത്രാനുഭവം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സുപ്രധാന ചുവടുവയ്പ്പായിരിക്കും ഈ പങ്കാളിത്തമെന്നും ബന്ധപ്പെട്ട അധികൃതർ വ്യക്തമാക്കി.

## ഡീ ഡെവലപ്മെൻറ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് ഐപിഒ ജൂൺ 19 മുതൽ

**കൊച്ചി:** ഡീ ഡെവലപ്മെൻറ് എഞ്ചിനീയേഴ്സ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ജൂൺ 19 മുതൽ 21 വരെ നടക്കും. 325 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 45,82,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 193 രൂപ മുതൽ 203 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 73 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 73ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഒരു കോടി രൂപയുടെ ഓഹരികൾ അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിട്ടുണ്ട്. ഇതിൽ ഓഹരി ഒന്നിന് 19 രൂപ വീതം ഡിസ്കൗണ്ട് ലഭിയ്ക്കും.എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ഇക്വിറസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

# മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് ഇന്ന്

**കൊച്ചി:** കേരളത്തിലെ ആരോഗ്യ ടൂറിസം മേഖലയെ പ്രോൽസാഹിപ്പിച്ച് സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മെഡിക്കൽ ടൂറിസം ഫെസിലിറ്റേഴ്സ് ഫോറം ഓഫ് കേരള (കെഎംടിഎഫ്എഫ്) ന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'മെഡിക്കൽ വാല്യൂ ട്രാവൽ മീറ്റ് '(എംവിടി 24) ഇന്ന് (ജൂൺ 13 ) കൊച്ചിയിൽ നടക്കും. എറണാകുളം ഹോളിഡേ ഇൻ ഹോട്ടലിൽ രാവിലെ 10 ന് നടക്കുന്ന എംവിടി 24 കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് ഐഎഎസ് ഉദ്ഘാടനം ചെയ്യും.

കെ.എം.ടി.എഫ്.എഫ് പ്രസിഡന്റ് ഡോ.കെ.എ അബൂബക്കർ അധ്യക്ഷത വഹിക്കും. എഫ്.എച്ച്.ഡബ്ല്യു.പി പ്രസിഡന്റ് ദലിപ് കുമാർ ചോപ്ര, രാജഗിരി ആശുപത്രി സിഇഒയും സി.എ.എച്ച്.ഒ ഹെൽത്ത്കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് ഡിവിഷൻ ചെയർമാനുമായ ഫാ. ജോൺസൺ വാഴപ്പിള്ളി സിഎംഐ എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ.എം എം ഹനീഷ് മുഖ്യ അതിഥിയായിരിക്കും.

വിപിഎസ് ലേക്ക്ഷോർ മാനേജിംഗ് ഡയറക്ടർ എസ്.കെ അബ്ദുള്ള, ആസ്റ്റർ മെഡ്സിറ്റി വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ഡോ. കെ.എം ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് മാനേജിംഗ് ഡയറക്ടർ ഫാ.ഡോ.അലക്സാണ്ടർ കൂടരത്തിൽ, സൺറൈസ് ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് ചെയർമാൻ ഡോ. ഹഫീസ് റഫമാൻ, കേരള ട്രാവൽ മാർട്ട് പ്രസിഡന്റ് ജോസ് പ്രദീപ്, അപ്പോളോ അഡ്‌ലകസ് ഹോസ്പിറ്റൽ സി.ഒ.ഒ ഡോ.ഷുഹൈബ് ഖാദർ, കിംസ് തിരുവനന്തപുരം ഗ്രൂപ്പ് മാർക്കറ്റിംഗ് ഹെഡ് വൈ.ആർ വിനോദ്, സഹാഗാർഡൻ മെഡിക്കൽ ഓഫിസർ ഡോ. എ.എസ് അനസ്, ഫ്യൂച്ചറേസ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. അൻവർ ഹസ്സൈൻ തുടങ്ങിയവർ സംസാരിക്കും. 'കേരളത്തിലെ ആരോഗ്യ ടൂറിസത്തിന്റെ വളർച്ച' 'നേട്ടങ്ങളും ആനുകൂല്യങ്ങളും' എന്ന വിഷയത്തിൽ പാനൽ ചർച്ച നടക്കും. സജീവ് കുറുപ്പ് (കേരള ടൂറിസം കോഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി ജനറൽ സെക്രട്ടറി), ഡോ.കെ.എസ് വിഷ്ണു നമ്പൂതിരി (എഎംഎഐ സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), യൂനസ് സലീം (സിഇഒ, ഗ്ലോബൽ ട്രീറ്റ്മെന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്), ജോസ് പോൾ (ജനറൽ മാനേജർ, റിലേഷൻ ആന്റ് ഹെഡ് ഓഫ് ഇന്റർനാഷമൽ പേഷ്യന്റ് സർവ്വീസസ്, രാജഗിരി ഹോസ്പിറ്റൽ), തിരുവനന്തപുരം കിംസ് ആശുപത്രി മാർക്കറ്റിംഗ് മേധാവി വൈ.ആർ.വിനോദ്, ഡോ. കെ.എ അബൂബക്കർ ( പ്രസിഡന്റ്, കെഎംടിഎഫ് എഫ്) എന്നിവർ ചർച്ചയിൽ പങ്കെടുക്കും. മുതിർന്ന മാധ്യമപ്രവർത്തകൻ സെബിൻ പൗലോസ് മോഡറേറ്ററാകും.



# യാത്രക്കാർ സ്വയം ബാഗേജ് ഡ്രോപ്പ് സൗകര്യവുമായി സിയാൽ

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) യാത്രക്കാരുടെ അനുഭവവും എയർപോർട്ട് സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനായി ആഭ്യന്തര ടെർമിനലിൽ(ടി1) സെൽഫ് ബാഗേജ് ഡ്രോപ്പ് സൗകര്യം ആരംഭിച്ചു. എയർലൈൻ ജീവനക്കാരുടെ സഹായമില്ലാതെ യാത്രക്കാർക്ക് അവരുടെ ചെക്ക്ഇൻ ബാഗുകൾ നേരിട്ട് കൺവെയറുകളിൽ ഇടാൻ ഈ സൗകര്യം സഹായിക്കും. ഇൻഡിഗോ, എയർ ഏഷ്യ,എയർ ഇന്ത്യ തുടങ്ങിയ വിമാന ക്കമ്പനികൾ ഈ സംവിധാനം ഉപയുക്തമാക്കാൻ തുടങ്ങി. ഇതോടെ ആഭ്യന്തര മേഖലയിലെ 95% യാത്രക്കാർക്കും ഇപ്പോൾ കൊച്ചി എയർപോർട്ടിൽ ഈ സൗകര്യം പ്രയോജനപ്പെടുത്താം.ടെർമിനലുകൾ ഗേറ്റുകൾക്കരികെ സ്ഥാപിച്ചിട്ടുള്ള 10 കോമൺ യൂസ് സെൽഫ് സർവീസ് (കസ്) കിയോസ്കുകളിൽ നിന്ന് യാത്രക്കാർക്ക് ബോർഡിംഗ് പാസ് പ്രിന്റൗട്ടും ബാഗ് ടാഗ് പ്രിന്റൗട്ടും എടുക്കാം. ടാഗ് സ്റ്റിക്കർ, ബാഗിൽ ഒട്ടിച്ച ശേഷം, യാത്രക്കാർക്ക് സ്വയം ബാഗ് ഡ്രോപ്പ് സൗകര്യത്തിലേക്ക് പോകാനും അവരുടെ ബാഗുകൾ ഈ യന്ത്രത്തിലേയ്ക്കിടാനും കഴിയും. 27 മുതൽ 30 വരെയുള്ള ചെക്ക്ഇൻ കൗണ്ടറുകളിൽ സിയാൽ നാല് സെൽഫ്ബാഗ് ഡ്രോപ്പ് സിസ്റ്റങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം സിയാലിന്റെ ബാഗേജ് ഹാൻഡ്‌ലിംഗ് സിസ്റ്റവുമായി സംയോജിപ്പിച്ചിരിക്കുന്നു. മെഷീനുകൾ കാനഡയിൽ നിന്നാണ് ഇറക്കുമതി ചെയ്തത്. ദക്ഷിണ കൊറിയയിലെ സോൾ വിമാനത്താവളത്തിൽ സ്ഥാപിച്ചിട്ടുള്ള അതേ സംവിധാനമാണ് സിയാൽ ഒരുക്കിയിട്ടുള്ളത്.

യാത്രക്കാർക്ക് ലോകോത്തര യാത്രാനുഭവം നൽകാനും പ്രവർത്തനക്ഷമത വർധിപ്പിക്കാനും കൊച്ചിൻ എയർപോർട്ട് പ്രതിജ്ഞാബദ്ധമാണെന്ന് സിയാൽ മാനേജിംഗ് ഡയറക്ടർ എസ്.സുഹാസ് പറഞ്ഞു. സുഗമവും തടസ്സരഹിതവുമായ യാത്രാനുഭം നൽകുകയാണ് ലക്ഷ്യം. ചെക്ക്ഇൻ മുതൽ ബോർഡിംഗ് വരെ യാത്രയുടെ എല്ലാ ഘട്ടങ്ങളിലും ഞങ്ങൾ അത്യാധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. ഇന്ത്യൻ വ്യോമയാന മേഖല വലിയൊരു കുതിപ്പിന് തയ്യാറെടുക്കുകയാണ്. ഇത് മുൻനിർത്തി അടിസ്ഥാന സൗകര്യങ്ങൾ ആധുനികവത്ക്കരിക്കാനുള്ള പദ്ധതി ഡയറക്ടർ ബോർഡ് ആരംഭിച്ചു. ഈ സമഗ്ര വികസന പദ്ധതികൾ വ്യോമയാന വ്യവസായത്തിൽ സിയാലിനെ മുൻനിരയിൽ എത്തിക്കുമെന്നും സുഹാസ് കൂട്ടിച്ചേർത്തു.

സെൽഫ് ബാഗേജ് ഡ്രോപ്പ് സൗകര്യത്തിന് പുറമേ, കടലാസ് രഹിത യാത്ര ചെയ്യാൻ യാത്രക്കാരെ പ്രാപ്തരാക്കുന്ന ഡിജി യാത്ര സംരംഭവും സിയാൽ നേരത്തെ ഒരുക്കിയിരുന്നു.

ടെർമിനൽ കവാടങ്ങൾ, സെക്യൂരിറ്റി, ബോർഡിംഗ് ഗേറ്റ് എന്നിവിടങ്ങളിൽ യാത്രക്കാരുടെ മുഖം തിരിച്ചറിയലിനായി ഡിജി യാത്രാ സംവിധാനത്തിന് കഴിയും. ഡിജിയാത്രയുടെ മുഖം തിരിച്ചറിയൽ സാങ്കേതികവിദ്യയെ സെൽഫ്ബാഗ് ഡ്രോപ്പ് സിസ്റ്റത്തിലേക്ക് സംയോജിപ്പിക്കുന്നതിനുള്ള പദ്ധതിയും സിയാൽ ആരംഭിച്ചിട്ടുണ്ട്. സമീപഭാവിയി യാത്രക്കാർക്ക് ബോർഡിംഗ് പാസ് എടുക്കാതെ തന്നെ ബാഗേജ് ചെക്ഇൻ ചെയ്യാൻ കഴിയും.

# കയർ പരിശീലന അധ്യയന കോഴ്സ്

**കൊച്ചി:** കയർ ബോർഡിന്റെ കീഴിൽ ആലപ്പുഴ കലവൂരിൽ പ്രവർത്തിക്കുന്ന ദേശീയ കയർ പരിശീലന കേന്ദ്രത്തിൽ ഇനി പറയുന്ന അധ്യയന പദ്ധതിക്ക് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷക്ഷണിച്ചു. സർട്ടിഫിക്കറ്റ് കോഴ്സ് എൻ എസ് ക്യൂ എഫ് ലെവൽ 3 (6 മാസം+ 1 മാസം ഇന്റേൺഷിപ്പ്). യോഗ്യത: അപേക്ഷകർ സാക്ഷരതയുള്ളവരായിരിക്കണം. കയർ വ്യവസായ നിയമം 1958 (ആർ ആന്റ് എൽ) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളിൽ നിന്നോ സ്പോൺസർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് മുൻഗണന നൽകും. അപേക്ഷകർ 18 നും 50 നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം. പരിശീലനത്തിന് പങ്കെടുക്കുന്നവർക്ക് പ്രതിമാസം 3000 രൂപ (മൂവായിരം രൂപ) സ്റ്റൈപൻഡ് ലഭിക്കും. സർട്ടിഫിക്കറ്റ് കോഴ്സ് ജൂലൈ 1 മുതൽ ആരംഭിക്കും. ആകെ സീറ്റിൽ 20 ശതമാനം ഒഴിവുകൾ പട്ടികജാതി പട്ടികവർഗ അപേക്ഷകർക്ക് നീക്കിവെച്ചിട്ടുള്ളതാണ്. പരിശീലന കാലയളവിൽ വനിതകൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കും. ആൺകുട്ടികൾക്ക് ഹോസ്റ്റൽ അലവൻസായി പ്രതിമാസം 500 രൂപ അർഹതയുള്ളവർക്ക് നൽകും.

അപേക്ഷാഫാറം കലവൂരിലെ ദേശീയ കയർ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ ലഭിക്കും. കൂടാതെ കയർ ബോർഡിന്റെ വെബ് സൈററായ www.coirboard.gov.in ലും ലഭ്യമാണ്. അപേക്ഷകൾ ജൂൺ 21 ന് മുമ്പായി അസിസ്ററന്റ് ഡയറക്ടർ കയർ ബോർഡ് ദേശീയ കയർപരിശീലന കേന്ദ്രം ( ഭാരതസർക്കാർ), കലവൂർ പി.ഒ, ആലപ്പുഴ ഫോൺ: 0477 2258067.ഇമെയിൽ adnctdc@gmail.com, വിലാസത്തിൽ ലഭിക്കണം.

# പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം നടത്തി

**കൊച്ചി:** വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളുടെ വിതരണോദ്ഘാടനം വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുളസി സോമൻ നിർവ്വഹിച്ചു.

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഇ. കെ. ജയൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. എ സാജിത്ത്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ സുബോധ ഷാജി, ജിജി വിൻസെന്റ്, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ഇ. പി. ഷിബു, അഗസ്റ്റിൻ മണ്ടോത്ത്, സുജ വിനോദ്, ശാന്തിനി പ്രസാദ്, ഷെന്നി ഫ്രാൻസിസ്, ട്രീസ ക്ലീറ്റസ് എന്നിവരും ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥരും പങ്കെടുത്തു.



# ഡിജിറ്റൽ സർവേ: 13 വില്ലേജുകളിൽ പൂർത്തിയായി

**കൊച്ചി:** എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവേ റെക്കോഡുകൾ തയാറാക്കുന്നതിനു വേണ്ടിയുള്ള എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായുള്ള ഡിജിറ്റൽ സർവേ നടപടികൾ ജില്ലയിൽ ആദ്യഘട്ടത്തിൽ 13 വില്ലേജുകളിൽ പൂർത്തിയായി. ഈ വില്ലേജുകളിലെ സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിലുള്ള ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുള്ള 9(2) വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം അളന്നതുമായി ബന്ധപ്പെട്ട പരാതികളുള്ളവർക്ക് അതത് വില്ലേജിനോടനുബന്ധിച്ച് ഡിജിറ്റൽ സർവേ ക്യാമ്പ് ഓഫീസിൽ പരാതി സമർപ്പിക്കാവുന്നതാണ്. ജില്ലയിൽ കണയന്നൂർ, തിരുവാങ്കുളം, രാമമംഗലം, ഫോർട്ട് കൊച്ചി, ആമ്പല്ലൂർ, പല്ലാരിമംഗലം, വാളകം, ഇടക്കൊച്ചി, പുണിത്തുറ, മട്ടാഞ്ചേരി, തോപ്പുംപടി, മണീട്, പള്ളുരുത്തി എന്നീ വില്ലേജുകളിലാണ് സർവേ പൂർത്തിയായത്.

എന്റെ ഭൂമി പോർട്ടൽ വഴി ഓൺലൈനായി ഡിജിറ്റൽ സ്കെച്ച് പരിശോധിക്കാം. വ്യക്തി വിവരങ്ങൾ നൽകി രജിസ്റ്റർ ചെയ്ത ശേഷം ലോഗിൻ ചെയ്യണം. തുടർന്ന് തണ്ടപ്പേർ/സർവേ നമ്പർ ഉപയോഗിച്ച് വസ്തുവിന്റെ ഡിജിറ്റൽ സ്കെച്ച് പരിശോധിക്കാം. ആധാരം പ്രകാരമുള്ള വിസ്തീർണവും അതിരുകളും പരിശോധിക്കാം. മുൻപ് വരച്ച സ്കെച്ചുകളുമായി ഒത്തുനോക്കുകയും ചെയ്യാം. സ്കെച്ച് സംബന്ധിച്ച പരാതികൾ ഡിജിറ്റൽ സർവേ ക്യാമ്പ് ഓഫീസിൽ സമർപ്പിക്കാം.

രണ്ടാം ഘട്ടത്തിൽ നെടുമ്പാശേരി, ഇടപ്പള്ളി സൗത്ത്, തെക്കുംഭാഗം, പാലക്കുഴ, ചേലാമറ്റം, കുമ്പളങ്ങി എന്നിവിടങ്ങളിലാണ് ഡിജിറ്റൽ സർവേ നടക്കുന്നത്. കുഴുപ്പിള്ളി, ഏഴിക്കര, കടുങ്ങല്ലൂർ എന്നീ വില്ലേജുകളിലെ ഡിജിറ്റൽ സർവേയും ഉടനാരംഭിക്കും. രണ്ടാം ഘട്ടത്തിലും ജനങ്ങളുടെ പൂർണ സഹകരണം ആവശ്യമാണെന്ന് ഡിജിറ്റൽ സർവേ അസിസ്റ്റന്റ് ഡയറക്ടർ കെ. ജയകുമാർ പറഞ്ഞു. ആദ്യഘട്ടിൽ സർവേ നടത്തിയ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കൊച്ചി താലൂക്കിലെ വിവിധ വില്ലേജുകളിലെ ജനങ്ങളുടെ സഹകരണം സർവേ വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

. ഇതിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും യോഗ്യരായ ഉദ്യോഗാർഥികളെ റിസോഴ്സ് പേഴ്സൺ ആയി ആയി നിയമിക്കുന്നതായിരിക്കും.

# ഡയറി പ്രൊമോട്ടർ, വുമൺ ക്യാറ്റിൽ കെയർ വർക്കർ നിയമനം; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ക്ഷീരവികസന വകുപ്പിന്റെ 202425 വർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായ തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിലേക്കായി എറണാകുളം ജില്ലയിലെ 15 ക്ഷീരവികസന യൂണിറ്റ് കാര്യാലയങ്ങളിൽ പ്രവർത്തിക്കുന്നതിന് ഡയറി പ്രൊമോട്ടർ, വുമൺ ക്യാറ്റിൽ കെയർ വർക്കർ എന്നിവരെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ഷീരവികസന യൂണിറ്റിൽ ഒരു ഡയറി പ്രൊമോട്ടർ, ഒരു വുമൺ ക്യാറ്റിൽ കെയർ വർക്കർ എന്ന നിലയിലാണ് നിയമനം നടത്തുക. തസ്തികകൾക്കുള്ള യോഗ്യതകളും മറ്റ് വിശദാംശങ്ങളും ചുവടെ. .

ഡയറി പ്രൊമോട്ടർ: പ്രായപരിധി 1845 വയസ്സ് , വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസി, കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം, അതത് ക്ഷീരവികസന യൂണിറ്റ് പരിധിയിൽ സ്ഥിരതാമസക്കാരനായിരിക്കണം., ഡയറി പ്രൊമോട്ടർമാരായി മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ആ സേവന കാലയളവ് പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതും പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതുമാണ്.

വുമൺ ക്യാറ്റിൽ കെയർ വർക്കർ: വനിതകൾക്ക് മാത്രമാണ് അപേക്ഷിക്കാനുള്ള യോഗ്യത, പ്രായപരിധി 1845 വയസ്സ് , വിദ്യാഭ്യാസ യോഗ്യത എസ്എസ്എൽസി , കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം, അതത് ക്ഷീരവികസന യൂണിറ്റ് പരിധിയിൽ സ്ഥിരതാമസക്കാരനായിരിക്കണം, വുമൺ ക്യാറ്റിൽ കെയർ വർക്കറായി മുൻപ് സേവനമനുഷ്ഠിച്ചിട്ടുള്ളവർക്ക് ആ സേവന കാലയളവ് പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതും പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതുമാണ്.നിയമനം ലഭിക്കുന്നവർക്ക് ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 202425 സാമ്പത്തിക വർഷത്തിൽ പരമാവധി 10 മാസ കാലയളവിലേക്ക് പ്രതിമാസം 8000 രൂപ വേതനം നൽകും. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച് പൂരിപ്പിച്ച് അനുബന്ധ രേഖകൾ സഹിതം ജൂൺ 14ന് ഉച്ച കഴിഞ്ഞ് 3 നകം അതത് ക്ഷീരവികസന ഓഫീസർ മുമ്പാകെ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്കായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ ബന്ധപ്പെടാം.

# കൊച്ചിയിൽ പുതിയ കാംപസ് തുറന്ന് ലക്ഷ്യ




**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ലക്ഷ്യയുടെ പുതിയ ക്യാംപസ് കൊച്ചി വൈറ്റിലയ്ക്ക് സമീപം പൊന്നുരുന്നിയിൽ പ്രവർത്തനമാരംഭിച്ചു.

ബികോം ഡിഗ്രിയ്ക്കൊപ്പം എസിസിഎ യോഗ്യത കൂടി നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി ബികോം + എസിസിഎ കോഴ്സും, ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി എംബിഎ + എസിസിഎ കോഴ്സും ഐഐസി ലക്ഷ്യ വാഗ്ദാനം ചെയ്യുന്നു. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്കും വിദ്യാർത്ഥികൾക്കും അനുയോജ്യമായ രീതിയിൽ സിഎംഎ യുഎസ് വീക്കെന്റ് കോച്ചിംഗ് ക്ലാസുകളും ലക്ഷ്യയിൽ സജ്ജമാക്കിയിട്ടുണ്ടെന്ന് ഐഐസി ലക്ഷ്യ മാനേജിംഗ് ഡയറക്ടർ ഓർവൽ ലയണൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഉറപ്പാക്കിക്കൊണ്ടുള്ള 75,000 സ്ക്വയർ ഫീറ്റിലധികം വിസ്തീർണമുള്ളതാണ് പുതിയ ക്യാംപസ്. നൂതന സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ, ഓഡിറ്റോറിയം, ലൈബ്രറി എന്നിങ്ങനെ ആധുനിക പഠന സൗകര്യങ്ങളെല്ലാം പൂർണ്ണ സജ്ജമാക്കിയാണ് ഐഐസി ലക്ഷ്യ തങ്ങളുടെ പുതിയ ക്യാംപസിലേക്ക് വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നത്. ഹോസ്റ്റൽ, സ്റ്റഡി ഏരിയ തുടങ്ങിയ സൗകര്യങ്ങളും ക്യാംപസിൽ ഒരുക്കിയിട്ടുണ്ട്.

ഹോസ്റ്റലുമായി ബന്ധപ്പെട്ട ആശങ്കകളും പരാതികളും അറിയിക്കുന്നതിനും സഹായത്തിനുമായി ഹോസ്റ്റൽ അപ്ലിക്കേഷനും തയ്യാറാക്കിയിട്ടുണ്ട്. മികച്ച കണക്റ്റിവിറ്റി സൗകര്യങ്ങളും വളർന്നുകൊണ്ടിരിക്കുന്ന ഒരു കൊമേഴ്ഷ്യൽ ഹബ് എന്ന നിലയിലുമാണ് പുതിയ ക്യാംപസിനായി കൊച്ചി തിരഞ്ഞെടുത്തിരിക്കുന്നത്. നിലവിൽ ഒരു ലക്ഷത്തിന് മുകളിൽ പൂർവ്വ വിദ്യാർത്ഥികളാണ് ഞങ്ങൾക്കുള്ളതെന്നും ഓർവൽ ലയണൽ പറഞ്ഞു.

ഐഐസി ലക്ഷ്യ പുതുതായി ലോഞ്ച് ചെയ്തിട്ടുള്ള ബികോം പ്ലസ് എസിസിഎ പ്രോഗ്രാം മൂന്ന് വർഷത്തെ കോഴ്സാണ്. അക്കൗണ്ടിംഗ്, ഫിനാൻസ് മേഖലയിൽ മികച്ച കരിയർ സ്വപ്നം കാണുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായാണ് ഈ കോഴ്സ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന് സമാനമായി ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി എംബിഎ പ്ലസ് എസിസിഎ കോഴ്സും ലക്ഷ്യ ഇപ്പോൾ വാഗ്ദാനം ചെയ്യുന്നു. ഈ പ്രോഗ്രാമിലുള്ള വിദ്യാർത്ഥികൾക്ക് ഡിഗ്രി, പിജി ബിരുദങ്ങൾ എസിസിഎ യോഗ്യതയും സ്വന്തമാക്കാം. ഇരട്ട യോഗ്യത ഉറപ്പുനൽകുന്ന ഈ കോഴ്സിലൂടെ മെച്ചപ്പെട്ട തൊഴിൽ സാധ്യതകൾ കണ്ടെത്തുവാൻ എളുപ്പത്തിൽ വിദ്യാർത്ഥികൾക്ക് സാധിക്കും.

തിയറി ക്ലാസുകൾക്കൊപ്പം പ്രാക്ടിക്കൽ സെഷനുകളും ഐഐസി ലക്ഷ്യ തങ്ങളുടെ വിദ്യാർത്ഥികൾക്ക് ഉറപ്പുനൽകുന്നു. ഏറ്റവും മികവുറ്റ പഠനാനുഭവം ഉറപ്പാക്കുന്നതിനായി ഓഫ് ലൈനായാണ് ഈ കോഴ്സുകൾ വാഗ്ദാനം ചെയ്യുന്നത്.

ജോലി ചെയ്യുന്നവർക്കും വിദ്യാർത്ഥികൾക്കുമായി സിഎംഎ യുഎസ് വീക്കെന്റ് ക്ലാസുകളും, കൊമേഴ്സ് ട്യൂഷന് പുറമേ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി സിഎ ഫൗണ്ടേഷൻ വീക്കെൻഡ് ക്ലാസുകളും ഐഐസി ലക്ഷ്യയിൽ ലഭ്യമാണെന്നും അദ്ദേഹം പറഞ്ഞു.

# ടാറ്റാ മോട്ടോർസുമായുള്ള സഹകരണം ശക്തിപ്പെടുത്തി മജെന്ത മൊബിലിറ്റി

**കൊച്ചി:** ടാറ്റ മോട്ടോഴ്സുമായുള്ള പങ്കാളിത്തം മെച്ചപ്പെടുത്തി സംയോജിത ഇലക്ട്രിക് മൊബിലിറ്റി സൊല്യൂഷൻ പ്രൊവൈഡറായ മജന്ത മൊബിലിറ്റി.

അടുത്തിടെ പുറത്തിറക്കിയ 60ലധികം എയ്സ് ഇ.വിയ്ക്കും 40ലധികം എയ്സ് .വി 1000ന്റിനുമൊപ്പം 100ലധികം ടാറ്റ എയ്സ് ഇ.വി യൂണിറ്റുകളും ഇതിന്റെ ഭാഗമായി പുറത്തിറക്കും. ടാറ്റ എയ്സ് ഇ.വിയുടെ 500 യൂണിറ്റുകൾ ലക്ഷ്യമിട്ട് 2023 ഒക്ടോബറിൽ ഇരു സ്ഥാപനങ്ങളും തമ്മിൽ ഒപ്പുവെച്ച ധാരണാപത്രത്തിന്റെ ഭാഗമാണ് ഈ വിന്യാസം. ടാറ്റ മോട്ടോഴ്സുമായുള്ള സഹകരണം വർധിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും അതുവഴി സുരക്ഷിതവും സ്മാർട്ടും സുസ്ഥിരവുമായ മൊബിലിറ്റി സൊല്യൂഷനുകൾ ഇന്ത്യയിലുടനീളം എത്തിക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത വർധിപ്പിക്കാനാകുമെന്നും മജന്ത മൊബിലിറ്റിയുടെ സ്ഥാപകനും സി.ഇ.ഒയുമായ മാക്സൺ ലൂയിസ് പറഞ്ഞു.

2025 സെപ്റ്റംബറോടെ 10,000 ഇലക്ട്രിക് വാഹനങ്ങൾ വിന്യസിക്കാൻ ലക്ഷ്യമിട്ടുള്ള 'അബ് കി ബാർ ദസ് ഹസാർ' പരിപാടിയിലേക്കുള്ള 100ന് മുകളിൽ ടാറ്റ എയ്സ് ഇ.വികളുടെ വിന്യാസം ഒരു സുപ്രധാന മുന്നേറ്റം അടയാളപ്പെടുത്തുന്നതാണ്. ലോജിസ്റ്റിക്സ്, ചാർജിങ്ങ് ഇൻഫ്രാസ്ട്രക്ചർ, സാങ്കേതികവിദ്യ എന്നിവയിലെ ഞങ്ങളുടെ സംയോജിത കഴിവുകളുമായി ഫോർ വീൽ ചെറുകിട വാണിജ്യ വാഹനങ്ങളിൽ (എസ്.സി.വി) ടാറ്റ മോട്ടോഴ്സിന്റെ വൈദഗ്ദ്ധ്യം സമന്വയിപ്പിക്കുന്നതിലൂടെ, ഈ പങ്കാളിത്തം വ്യവസായ നിലവാരം പുനർനിർവചിക്കാൻ കഴിവുറ്റതാണെന്നും അദ്ദേഹം പറഞ്ഞു.

മജന്ത മൊബിലിറ്റിയുമായുള്ള പങ്കാളിത്തത്തിലെ ഒരു പ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തുന്നതാണ് ടാറ്റ എയ്സ് ഇ.വികളെ അവരുടെ ഫ്ളീറ്റിലേക്ക് വിന്യസിച്ചതെന്നും ഇതിൽ വളരെയധികം അഭിമാനമുണ്ടെന്നും ടാറ്റ മോട്ടോഴ്സ് എസ്.സി.വി.പി.യു വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ വിനയ് പഥക് പറഞ്ഞു.

# സമ്പൂർണ വിവാഹ പ്ലാനിംഗ് സേവനങ്ങളുമായി യെസ് ഭാരത് വെഡിങ് കളക്ഷൻസ്




**കൊച്ചി:** വിവാഹത്തിനാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ അവതരിപ്പിക്കുന്ന വെഡ്ഡിംഗ്സ് ഓഫ് ഭാരത് എന്ന പദ്ധതിയുമായി പ്രമുഖ വിവാഹ വസ്ത്രവ്യാപാര ശൃംഖലയായ യെസ് ഭാരത്. ഇതിന്റെ ഭാഗമായി യെസ് ഭാരതിന്റെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, കരുനാഗപ്പള്ളി, ഷോറൂമുകളിൽ ഏറ്റവും മുന്തിയ ഫാഷനിലുള്ള ഹൽദി, മെഹന്തി, ശാദി, പാർട്ടി തുടങ്ങിയവയ്ക്കുള്ള വിവിധങ്ങളായ വിവാഹ വസ്ത്രങ്ങൾ ആകർഷക നിരക്കുകളിൽ ലഭ്യമാക്കുമെന്ന് യെസ് ഭാരത് ചെയർമാൻ ഇ. അയൂബ് ഖാൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.ഇതോടൊപ്പമാണ് ജൂൺ 14 മുതൽ സെപ്തംബർ 30 വരെ രാജ്യത്താദ്യമായി യെസ് ഭാരത് ഉപഭോക്താക്കൾക്ക് ജ്വല്ലറി പർച്ചേസുകൾ, ബാങ്കിംഗ് സേവനങ്ങൾ, ട്രാവൽ, കേറ്ററിംഗ്, ഇവന്റ് മാനേജ്മെന്റ്, ഫോട്ടോവിഡിയോഗ്രാഫി തുടങ്ങിയ വിവാഹ ആവശ്യങ്ങൾക്കുള്ള എല്ലാ മേഖലകളിലേയും സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് വെഡ്ഡിംഗ്സ് ഓഫ് ഭാരത് അരങ്ങേറുകയെന്നും ഇ. അയൂബ് ഖാൻ പറഞ്ഞു.

നാലും അഞ്ചും ചടങ്ങുകളായി വികസിച്ചിരിക്കുന്ന ഇക്കാലത്തെ വിവാഹാഘോഷങ്ങളുടെ പ്രധാന ആകർഷണം വ്യത്യസ്ത വേഷവിധാനങ്ങളായതുകൊണ്ട് അവ മുഴുവനും തെരഞ്ഞെടുക്കാവുന്ന ഇടത്തിൽത്തന്നെ മറ്റ് വിവാഹവാശ്യങ്ങൾക്കുള്ള ബുക്കിംഗുകളും നടത്താമെന്ന സൗകര്യമാണ് വെഡ്ഡിംഗ്സ് ഓഫ് ഭാരത് ഒരുക്കുകയെന്ന് ഇ.അയൂബ് ഖാൻ പറഞ്ഞു. വിവാഹം നടത്തുന്നവരെ സംബന്ധിച്ചിടത്തോളം ക്ഷണിക്കുകയെന്ന ഉത്തരവാദിത്തം മാത്രം ബാക്കി വെച്ചു കൊണ്ടുള്ള സമ്പൂർണ സേവനങ്ങളാണ് ഒരു കുടക്കീഴിൽ ഇങ്ങനെ അണിനിരത്തുക. മുൻകൂട്ടി ബുക്കു ചെയ്യുന്നതിലൂടെ യെസ് ഭാരത് ഉപഭോക്താക്കൾക്ക് ഇത്തരം ഓരോ സേവനദാതാക്കളിൽ നിന്നും മികച്ച ഡിസ്ക്കൗണ്ടുകളും ഓഫറുകളും ഉറപ്പു വരുത്തും. എല്ലാ സേവനങ്ങളും ഒരുമിച്ചോ ആവശ്യമുള്ളവ മാത്രമായോ തെരഞ്ഞെടുക്കാനും സൗകര്യമുണ്ടാകും.

യെസ് ഭാരതിന്റെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, കരുനാഗപ്പള്ളി എന്നീ ഷോറൂമുകളിൽ നിന്നും പർച്ചേസ് ചെയുന്ന വിവാഹ പാർട്ടികളിൽ നിന്നും ഓരോ ഷോറൂമുകളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു ഭാഗ്യശാലിക്കു മുഴുവൻ തുകയും തിരികെ നൽകുന്നു. ബാങ്കിംഗ് പാർട്ണറായ ഫെഡറൽ ബാങ്കിലൂടെ ചുരുങ്ങിയത് 10,000 രൂപയുടെ മുതൽ പർച്ചേസുകൾക്ക് മാസത്തിൽ രണ്ടു തവണ 15% ഇളവ് (പരമാവധി 1500 രൂപ) എന്നിവ ലഭിക്കും. ലാൻഡ് ഹോളിഡേയ്സിന് 10% ഇളവ്, ട്രാവൽ കാർഡ് ഫീസ് സൗജന്യം, നറുക്കെടുപ്പിലൂടെ ഒരു ഭാഗ്യദമ്പതികൾക്ക് 2 രാത്രിയും 3 പകലുമുൾപ്പെട്ട മലേഷ്യ ടൂർ പാക്കേജ് എന്നിവയാണ് യൂണിമണിയുടെ ഓഫറുകൾ. ഇവന്റ് മാനേജ്മെന്റ് കമ്പനിയായ ശാദി വെഡ്ഡിംഗ്സ് അവരുടെ സേവനങ്ങൾക്ക് 10% ഇളവ്, ഒരു വിവാഹപ്പാർട്ടിക്ക് നറുക്കെടുപ്പിലൂടെ 1 ലക്ഷം രൂപ ഇളവ് എന്നിവ ലഭിക്കും. ഫൂഡീ മലബാർ കിച്ചന്റെ കേറ്ററിംഗ് സേവനങ്ങൾക്ക് 10% ഇളവ്, തുടർന്ന് ഒരു വർഷത്തിനുള്ളിൽ നടക്കുന്ന മറ്റൊരു ഇവന്റിന് 100 അതിഥികൾക്കുള്ള കോംപ്ലിമെന്ററി കേറ്ററിംഗ് എന്നിവ ലഭിക്കും. വേവയിൽ നിന്നുള്ള വിഡിയോ, ഫോട്ടോഗ്രാഫി സേവനങ്ങളിൽ സ്റ്റാൻഡേഡ് പാക്കേജിന് 10%വും പ്രീമിയം പാക്കേജിന് 15% ഇളവും ലഭിക്കും. കൂടാതെ നറുക്കെടുപ്പിലൂടെ ഒരു വിവാഹപ്പാർട്ടിക്ക് 1 ലക്ഷം രൂപ ക്യാഷ്ബാക്കും നൽകും. കൽപ്പറ്റ, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിലെ കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സ് പണിക്കൂലിയിൽ 30% കിഴിവിന് പുറമെ തിരഞ്ഞെടുക്കുന്ന ഒരു ഭാഗ്യശാലിക്കു ഒരു ഡയമണ്ട് മാലയും കൊടുക്കുന്നതാണ്. കരുനാഗപ്പള്ളിയിലെ അറേബ്യൻ ജ്വല്ലറിയിൽ നിന്നുള്ള പർച്ചേസുകൾക്ക് പണിക്കൂലിയിൽ ലഭിക്കുന്ന ഇളവിനും 8 ഗ്രാം വാങ്ങുമ്പോൾ കിട്ടുന്ന 5555/ രൂപ ഡിസ്കൗണ്ടിന് പുറമെ ഒരു ലക്ഷം രൂപയുടെ ഡയമണ്ട് ആഭരണവും ലഭിക്കും.

യെസ് ഭാരത് വെഡ്ഡിംഗ് കളക്ഷൻസ് മാനേജിംഗ് ഡയറക്ടർമാരായ ഷിബു എച്ച്, അൻഷാദ് അയൂബ് ഖാൻ, സബാ സലാം, ഫെഡറൽ ബാങ്ക് അസോ. വിപി. അലക്സ് വിൽസൺ, യൂണിമണി സിഇഒ സിഎ കൃഷ്ണൻ ആർ, സിഎഫ്ഒ മനോജ് മാത്യു, അറേബ്യൻ ജ്വല്ലറി എച്ച്ആർ മാനേജർ പ്രിൻസ് സണ്ണി, കവിത ഗോൾഡ് ആൻഡ് ഡയമണ്ട്സ് ബ്രാൻഡ് മാനേജർ ഡെന്നി, ഫുഡീസ് മലബാർ കിച്ചൻ എംഡി മുഹമ്മദ് നവാസ് പി, ഡയറക്ടർ അഷ്ഖർ അലവി, ഓപ്പേറഷൻസ് ഡയറക്ടർ ലിമേഷ് മാരാർ, വെവ ഡയറക്ടർ രോഹിത് രഘുവരൻ ശാദി വെഡ്ഡിംഗ് മാനേജ്മെന്റ് സ്ഥാപകനും ഡയറക്ടറുമായ പ്രിജോ ജോസ് തുടങ്ങിയവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# കേരളത്തെ സാഹസിക ടൂറിസത്തിന്റെ കേന്ദ്രമാക്കും: മന്ത്രി

**കോഴിക്കോട്:** സാഹസിക ടൂറിസം മേഖലയിൽ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാക്കി കേരളത്തെ മാറ്റാനുള്ള പരിശ്രമമമാണ് മലബാർ റിവർ ഫെസ്റ്റിവലിലൂടെ നടക്കുന്നതെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. അന്താരാഷ്ട്ര വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിൻറെ പത്താം ലക്കവുമായി ബന്ധപ്പെട്ട് ഓൺലൈനായി നടന്ന സംഘാടക സമിതി യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. കേരള ടൂറിസത്തിൻറെ ആഭിമുഖ്യത്തിൽ സാഹസിക ടൂറിസം പ്രൊമോഷൻ സൊസൈറ്റി, ഡിടിപിസി, കോഴിക്കോട് ജില്ലാപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ ഇന്ത്യൻ കയാക്കിംഗ് ആൻഡ് കനോയിംഗ് അസോസിയേഷൻറെ സാങ്കേതിക സഹായത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.സാഹസിക ടൂറിസം രംഗത്ത് വലിയ സാധ്യതയാണ് സംസ്ഥാനത്തിനുള്ളത്. മലബാർ റിവർ ഫെസ്റ്റിവൽ മികച്ച രീതിയിലാണ് നടത്തി വരുന്നത്. വൈറ്റ് വാട്ടർ കയാക്കിംഗിൽ ഉപയോഗപ്പെടുത്താൻ പറ്റിയ പുഴകൾ ഇനിയും സംസ്ഥാനത്തുണ്ട്. ഇതിലൂടെ ദക്ഷിണേന്ത്യയിലെ വൈറ്റ് വാട്ടർ കയാക്കിംഗിനെ പ്രോത്സാഹിപ്പിക്കാനും ഈ രംഗത്ത് സംസ്ഥാനത്തെ അന്താരാഷ്ട്ര ശ്രദ്ധയിലേക്കെത്തിക്കാനും ലക്ഷ്യമിടുന്നുവെന്ന് മന്ത്രി പറഞ്ഞു.

ജൂലായ് 25 മുതൽ 28 വരെ നാല് ദിവസമാണ് മലബാർ റിവർ ഫെസ്റ്റിവൽ നടത്തുന്നത്. കോഴിക്കോട് ജില്ലയിലെ തുഷാരഗിരി, ചാലിപ്പുഴ, ഇരുവരിഞ്ഞിപ്പുഴ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ. പ്രൊഫഷണലുകളെ കൂടാതെ പ്രദേശവാസികളെ കയാക്കിംഗിന് പ്രോത്സാഹിപ്പിക്കുന്നതിനുള്ള മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. അന്താരാഷ്ട്രതലത്തിൽ പുതിയ കയാക്കിംഗ് സാധ്യതകൾ സംസ്ഥാനത്തെ നദികളൂടെ പ്രദർശിപ്പിക്കാനും ലക്ഷ്യമിടുന്നുണ്ടെന്ന് മുഹമ്മദ് റിയാസ് കൂട്ടിച്ചേർത്തു.

20 ലധികം രാജ്യങ്ങളിൽ നിന്നും രാജ്യത്തിനകത്തു നിന്നുമായി 100 ലധികം പ്രൊഫഷണൽ കയാക്കർമാരെ മത്സരത്തിൽ പ്രതീക്ഷിക്കുന്നുണ്ട്. എട്ട് ഗ്രാമപഞ്ചായത്തുകൾ, ഒരു മുൻസിപ്പാലിറ്റി എന്നിവ ചേർന്ന് എംടിബി സൈക്കിൾറാലി, വാട്ടർ പോളോ, നീന്തൽ ഓഫ്റോഡ് സംസ്ഥാനദേശീയ ചാമ്പ്യൻഷിപ്പുകൾ, ചൂണ്ടയിടൽ, റഗ്ബി, ഓഫ്റോഡ് റാലി തുടങ്ങിയ പ്രി ഇവൻറുകൾ നടത്തുമെന്നും മുഹമ്മദ് റിയാസ് പറഞ്ഞു.

# വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്ന അടിയന്തര രാത്രികാല വെറ്ററിനറി സേവനം പദ്ധതിയിലേക്ക് എറണാകുളം ജില്ലയിൽ വൈപ്പിൻ, അങ്കമാലി എന്നീ ബ്ലോക്കുകളിലേക്കും കൊച്ചി കോർപ്പറേഷനിലേക്കും നിലവിലുള്ള ഒഴിവുകളിലേക്കും ജൂൺ, ജൂലൈ മാസങ്ങളിൽ ഒഴിവ് പ്രതീക്ഷിക്കുന്ന മൂവാറ്റുപുഴ, മുളന്തുരുത്തി, പറവൂർ, വാഴക്കുളം, കോതമംഗലം, കൂവപ്പടി, ആലങ്ങാട്,പാമ്പാക്കുട, പാറക്കടവ്,വടവുകോട്, ഇടപ്പള്ളി, പള്ളുരുത്തി എന്നീ ബ്ലോക്കുകളിലേക്കും രാത്രി സമയങ്ങളിൽ വെറ്ററിനറി ഡോക്ടർ ആയി ജോലി ചെയ്യാൻ താല്പര്യമുള്ള തൊഴിൽ രഹിതരായ യുവ വെറ്ററിനറി ബിരുദധാരികളെ 89 ദിവസത്തേക്ക് താത്കാലികമായി നിയമിക്കുന്നതിന് ജൂൺ 13 ന് രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്നു വരെ എറണാകുളം സൗത്ത് ക്ലബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു.

മൃഗ ചികിത്സകൾക്ക് വെറ്ററിനറി ഡോക്ടറെ സഹായിക്കുന്നതിനായി കായികാധ്വാനം ആവശ്യമുള്ള ജോലികൾ നിർവഹിക്കുന്നതിന് ആവശ്യമായ ശാരീരിക ക്ഷമത ഉള്ളവരേയും മൃഗങ്ങളെ പരിപാലനം ചെയ്ത് പരിചയം ഉള്ളവരെയും ഡ്രൈവർ അറ്റൻഡൻഡ് തസ്തികയിലേക്ക് 89 ദിവസത്തേക്ക് താത്കാലികമായി നിയമിക്കുന്നതിനായി ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ ജൂൺ 14 ന് രാവിലെ 11 ന് വാക്ഇൻഇന്റർവ്യൂ നടത്തുന്നു.

മൃഗാശുപത്രി സേവനങ്ങൾ അനായാസേന ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലെ കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിവരുന്ന മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ പൂർണമായും താത്കാലികമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ഉദ്യോഗാർത്ഥികളുടെ നിയമനം പൂർത്തീകരിക്കാൻ എടുക്കുന്ന കാലയളവിലേക്ക് പരമാവധി 89 ദിവസത്തേക്ക് കർഷകർക്ക് ആവശ്യമായ മൃഗ ചികിത്സാ സേവനങ്ങൾ വാഹനത്തിൽ സ്ഥലത്ത് എത്തിക്കുന്നതിന് വേണ്ടി ഒരു വെറ്ററിനറി ഡോക്ടർ ,ഒരു ഡ്രൈവർ കം അറ്റന്റന്റ്, ഒരു റേഡിയോഗ്രാഫർ എന്നീ തസ്തികളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നു. കൂടുതൽ വിവരങ്ങൾ ഓഫീസിൽ അറിയാം.

# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ സംസ്ഥാന ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി 202425 വിവിധ പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധ ജല മത്സ്യകൃഷി (കാർപ്പ്, വരാൽ, തിലാപ്പിയ, ആസാം വാള, നട്ടർ, തദ്ദേശീയ ക്യാറ്റ് ഫിഷ്, അനബാസ്), സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും, പടുതാ കുളങ്ങളിലെ മത്സ്യകൃഷി (വരാൽ, ആസാം വാള, തദ്ദേശീയ ക്യാറ്റ് ഫിഷ്, അനബാസ്), റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ, ക്യാറ്റ് ഫിഷ്, അനബാസ്), ബയോഫ്ലോക് (തിലാപ്പിയ, വനാമി ചെമ്മീൻ), ഓരുജല കൂടുകൃഷി (കരിമീൻ, കാളാഞ്ചി), ശുദ്ധജല കൂടുകൃഷി (തിലാപ്പിയ), കുളങ്ങളിലെ കരിമീൻ മത്സ്യകൃഷി, കുളങ്ങളിലെ ചെമ്മീൻ, വനാമി കൃഷി, മൂല്യ വർദ്ധിത ഉൽപാദന യൂണിറ്റ്, പിന്നാമ്പുറങ്ങളിലെ വിത്തുൽപാദന യൂണിറ്റ് (കരിമീൻ, വരാൽ), കുളങ്ങളിലെ മത്സ്യകൃഷി (പൂമീൻ, തിരുത ), കല്ലുമ്മക്കായ കൃഷി, ഞണ്ടുകൃഷി, എംബാങ്ക്മെന്റ് കൃഷി, പെൻ കൾച്ചർ എന്നിവയാണ് പദ്ധതികൾ. പദ്ധതികളുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ എല്ലാ മത്സ്യഭവനുകളിലും എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം ജൂൺ 20 മുമ്പ് എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലോ അടുത്തുള്ള മത്സ്യഭവൻ ഓഫീസുകളിലോ സമർപ്പിക്കണം.

# ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ജൂലൈ മുതൽ ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിനായി മുദ്ര വച്ച കവറിൽ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു.

വാഹനത്തിന്, (കാർ, ജീപ്പ്) 7 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടാകരുത്, കൂടാതെ ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപ്രകാരമുള്ള എല്ലാ രേഖകളും ഉണ്ടായിരിക്കണം. പ്രതിമാസം 800 കി.മി. വരെ വാഹനം ഓടുന്നതിന് പരമാവധി 20,000 രൂപ (ഇരുപതിനായിരം രൂപ മാത്രം) യാണ് അനുവദിക്കുക. വാഹന വാടക മാത്രമേ ഈ കരാർ പ്രകാരം നൽകുകയുള്ളു. സ്റ്റോർ പർച്ചേസ് റൂൾസ് അനുശാസിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

ദർഘാസ് സമർപ്പിക്കുന്നവർ വാഹനത്തിന്റെ വാടക തുക വ്യക്തമായി രേഖപ്പെടുത്തണം. ദർഘാസിനോടൊപ്പം അടങ്കൽ തുകയുടെ ഒരു ശതമാനം ഇ.എം.ഡി. ഉണ്ടായിരിക്കണം. മുദ്രവച്ച ദർഘാസ് ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് ടെൻഡർ 2024 2025 കരാർ വാഹന എന്ന് വ്യക്തമായി രേഖപ്പെടുത്തണം. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 19 ഉച്ചയ്ക്ക് ഉച്ചയ്ക്ക് 1 വരെ.

## ഇളവുകളുമായി ലൈഫ്സ്റ്റൈൽ സെയിൽ ഓഫ് ദി സീസൺ




**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഫാഷൻ ഡെസ്റ്റിനേഷനുകളിലൊന്നായ ലൈഫ്സ്റ്റൈൽ, സീസൺ സെയിൽ ആരംഭിച്ചു. മുൻനിര ഫാഷൻ ബ്രാൻഡുകളുടെ ഏറ്റവും പുതിയ വസ്ത്രങ്ങൾക്ക് 50 ശതമാനം വരെ കിഴിവ് ലഭിക്കും. പ്രമുഖ ദേശീയ അന്തർദേശീയ ബ്രാൻഡുകളിൽ നിന്നുള്ള ഏറ്റവും പുതിയ ട്രെൻഡുകളും ഫാഷൻ വസ്ത്രങ്ങളുടെയും വിപുലമായ ശേഖരം, ലൈഫ്സ്റ്റൈൽ സെയിലിൽ ഒരുക്കിയിട്ടുണ്ട്. ഫ്ലോറൽ പ്രിന്റുകളും പേസ്റ്റൽ നിറങ്ങളും അടങ്ങിയ സ്റ്റൈലിഷ് ശേഖരത്തിൽ ട്രെൻഡിംഗ് ഷിഫ്ലി & ക്രോച്ചെറ്റ് വസ്ത്രങ്ങൾ, വിന്റേജ് ബ്ലൂംസ് കോർഡ് സെറ്റുകൾ, സ്ത്രീകൾക്കുള്ള സ്റ്റൈലിഷ് ഡെനിമുകൾ, കൂടാതെ പ്രിന്റഡ് ഷർട്ടുകളുടെ വിപുലമായ ശ്രേണി, പുതിയ ലൂസ് ഫിറ്റ് പാന്റ്സ്, പുരുഷന്മാർക്കുള്ള ടീഷർട്ട് എന്നിവ മികച്ച ഓഫറിൽ സ്വന്തമാക്കാമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

മിലോൺജ്, ജിൻജർ, ഫോർകാ, കോഡ്, ആൻഡ്, ബിബ, ഗ്ലോബൽ ദേസി, ജാക്ക് & ജോൺസ്, ഇന്ത്യൻ ടെറയിൻ, പാർക്ക് അവെന്യൂ, പെപെ ജീൻസ്, പ്യൂമ, അഡിഡാസ്, ഫോസിൽ, അർമാനി എക്സ്ചേഞ്ച്, മെയ്ബെലിൻ, ലോറിയൽ തുടങ്ങി 100ലധികം ദേശീയ അന്തർദേശീയ ബ്രാൻഡുകളിൽ നിന്നുള്ള ഏറ്റവും പുതിയ ട്രെൻഡുകൾ വാങ്ങുവാനുള്ള മികച്ച അവസരമാണ് ലൈഫ്സ്റ്റൈലിന്റെ സീസണൽ സെയിൽ. ഉപഭോക്താവിന് വസ്ത്രങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, വാച്ചുകൾ, സുഗന്ധദ്രവ്യങ്ങൾ, പാദരക്ഷകൾ, ഹാൻഡ്ബാഗുകൾ, ആക്സസറികൾ തുടങ്ങിയവയും ആകർഷകമായ വിലയിൽ തിരഞ്ഞെടുക്കാം.കൂടാതെ, 7000 രൂപയിൽ കൂടുതൽ ഷോപ്പ് ചെയ്യുന്ന എസ്ബിഐ ക്രെഡിറ്റ് കാർഡ് ഉടമകൾക്ക് നിബന്ധനകൾക്ക് വിധേയമായി 5% ഇൻസ്റ്റന്റ് ക്യാഷ് ഡിസ്കൗണ്ടും ലഭിക്കും.ലൈഫ്സ്റ്റൈൽ സെയിൽ എല്ലാ ലൈഫ്സ്റ്റൈൽ സ്റ്റോറുകളിലും ഓൺലൈനിലും www.lifestylestores.com എന്ന വെബ്സൈറ്റിലൂടെയും ലഭ്യമാണ്. ആൻഡ്രോയിഡ്, ഐഫോൺ ഉപയോക്താക്കൾക്കുള്ള ലൈഫ്സ്റ്റൈൽ ആപ്പിലും സാധ്യമാകും.

## ടിറ അകൈൻഡ് സ്കിൻ കെയർ ബ്രാൻഡ് അവതരിപ്പിച്ചു




**കൊച്ചി/ മുംബൈ:** റിലയൻസ് റീട്ടെയിലിന്റെ ബ്യൂട്ടി റീട്ടെയിൽ പ്ലാറ്റ്ഫോമായ ടിറ ഇന്ന് ചർമ്മസംരക്ഷണ ബ്രാൻഡായ അകൈൻഡ് പുറത്തിറക്കി.

മീര കപൂർ സഹസ്ഥാപകയായ അകൈൻഡ് മുംബൈയിലെ ജിയോ വേൾഡ് സെന്ററിലെ ടിറ സ്റ്റോറിൽ അനാച്ഛാദനം ചെയ്തു.

ഇന്ത്യയിലെ പ്രീമിയം ബ്യൂട്ടി ഡെസ്റ്റിനേഷനായ ടിറ യിൽ ഈ ബ്രാൻഡ് ഓൺലൈനായും ഓഫ്ലൈനായും ലഭ്യമാകും. അകൈൻഡ് ഉത്പ്പന്നങ്ങളിൽ ചർമ്മ സംരക്ഷണത്തിനായുള്ള ക്ളെൻസറുകൾ , സിറം, സൺസ്ക്രീനുകൾ, ടോണറുകൾ എന്നിവ ഉൾപ്പെടുന്നു. ടിറയുടെ സ്വന്തം പോർട്ട്ഫോളിയോയിൽ ആദ്യത്തെ ചർമ്മ സംരക്ഷണ ബ്രാൻഡായ അകൈൻഡ് അവതരിപ്പിക്കുന്നതിൽ തങ്ങൾ സന്തുഷ്ടരാണെന്ന് റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഇഷ അംബാനി പറഞ്ഞു

## ക്ഷീരകർഷകരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണം

milma

**കൊച്ചി:** ക്ഷീരകർഷകരെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മിൽമ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ എംടി ജയൻ കേന്ദ്ര ക്ഷീരവികസന വകുപ്പ് സഹമന്ത്രി ജോർജ് കുര്യന് നിവേദനം നൽകി. വർദ്ധിച്ചുവരുന്ന ഉൽപാദന ചെലവ് കാരണം ക്ഷീരകർഷകർ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തടയാനാണ് നിവേദനം നൽകുന്നതെന്ന് എറണാകുളം മേഖലാ യൂണിയൻ വ്യക്തമാക്കി. സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ വർദ്ധിച്ചുവരുന്ന ഉൽപാദന ചെലവ് മൂലം പ്രതിസന്ധിയിലായിരിക്കുകയാണ്. ക്ഷീരമേഖല ലാഭകരമല്ലാത്തതിനാൽ പുതിയ കർഷകർ ഇതിലേക്ക് വരുന്നില്ലെന്നും നിലവിലുള്ളവർ തന്നെ ഈ മേഖല വിട്ടു പോവുകയാണെന്നും എം ടി ജയൻ പറഞ്ഞു. വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് 11 ലക്ഷത്തോളം വരുന്ന സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആശ്വാസം നൽകണമെന്നും നിവേദനത്തിൽ പറഞ്ഞു.ക്ഷീരകർഷകരെ ഈ മേഖലയിൽ തന്നെ പിടിച്ചുനിർത്തുന്നതിന് വേണ്ടി മിൽമ നിരവധി സഹായ പദ്ധതികൾ നടത്തി വരുന്നുണ്ട്. ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് വഴി ഈ പ്രതിസന്ധിക്ക് ശാശ്വത പരിഹാരമാകുമെന്ന് എംടി ജയൻ പറഞ്ഞു.

## ബിഎൻസി മോട്ടോഴ്സ് പുതിയ ഷോറൂം തുറന്നു



**കൊച്ചി:** കോയമ്പത്തൂർ ആസ്ഥാനമായ മുൻനിര ഇലക്ട്രിക് മോട്ടോർ സൈക്കിൾ നിർമാതാക്കളായ ബിഎൻസി മോട്ടോഴ്സിന്റെ പുതിയ ഷോറൂം ചന്തിരൂരിൽ മിഷൻ ഹോസ്പിറ്റലിനു എതിർവശത്തെ അറഫ ബിൽഡിങ്ങിൽ പ്രമുഖ തെന്നിന്ത്യൻ സിനിമാ താരം ജുവൽ മേരി, സംവിധായകൻ ശിവൻ അമ്പാട്ട്, സംഗീത സംവിധായകൻ ജോജി തോമസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ദക്ഷിണേന്ത്യയിൽ വിപണി സാന്നിധ്യം വിപുലീകരിക്കുന്നതിന്റെ ഭാഗമാണ് പുതിയ ഡീലർഷിപ്പിന് തുടക്കമിട്ടത്.ഉദ്ഘാടനത്തോടനുബന്ധിച്ച് ഉപഭോക്താക്കൾക്കായി ഇളവുകളും പ്രഖ്യാപിച്ചിട്ടുണ്ട്. ബിഎൻസിയുടെ ചാലഞ്ചർ എസ് 110 എന്ന മോഡൽ മോട്ടോർ സൈക്കിൾ 99,900 രൂപയ്ക്കും, ചാലഞ്ചർ എസ് 125 മോഡൽ 1,45,000 രൂപയ്ക്കും ലഭിക്കും. പൂർണമായും ഇന്ത്യൻ നിർമ്മിത ഇലക്ട്രിക് മോട്ടോർസൈക്കിളുകളാണ് ബിഎൻസി ഉൽപ്പാദിപ്പിക്കുന്നത്.കേരളത്തിൽ രണ്ടാമത്തെ ഡീലർഷിപ്പ് തുറക്കാനായതിൽ സന്തോഷമുണ്ടെന്ന് ബിഎൻസി മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ അരുദ്ധ് രവി നാരായൺ പറഞ്ഞു. സിനർജി ഇവി ഷോറൂം എല്ലാ ദിവസവും രാവിലെ 9 മുതൽ രാത്രി 9 വരെ പ്രവർത്തിക്കും

## വരുമാനത്തിൽ മികച്ച നേട്ടവുമായി ക്ലെയ്സിസ് ടെക്നോളജീസ്

**കൊച്ചി:** യുഎസ് ബാങ്കിങ് രംഗത്തെ മുൻനിര ടെക്നോളജി സേവനദാതാക്കളിലൊന്നായ കൊച്ചി ആസ്ഥാനമായ ക്ലെയ്സിസ് ടെക്നോളജീസിന് വരുമാനത്തിൽ മികച്ച നേട്ടം. കഴിഞ്ഞ സാമ്പത്തിക വർഷം കമ്പനിയുടെ വരുമാനം 100 കോടി രൂപ കവിഞ്ഞു.

നിലവിലെ വളർച്ചാ നിരക്ക് നിലനിർത്തി അടുത്ത മൂന്ന് വർഷത്തിനകം വരുമാനം ഇരട്ടിയാക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. യുഎസിലെ മുൻനിര ബാങ്കുകൾക്കും ക്രെഡിറ്റ് യൂണിയനുകൾക്കും സാമ്പത്തിക സേവനങ്ങൾക്കുള്ള നൂതന റോബോട്ടിക്സ്, എഐ അധിഷ്ഠിത സോഫ്റ്റ്വെയർ ഉൽപ്പന്നങ്ങളാണ് ക്ലെയ്സിസ് ടെക്നോളജീസ് നൽകി വരുന്നത്. 20 മുതൽ 25 ശതമാനം വരെ വാർഷിക വളർച്ചയാണ് ലക്ഷ്യമിടുന്നതെന്ന് ക്ലെയ്സിസ് സ്ഥാപകനും സിഇഒയുമായ വിനോദ തരകൻ പറഞ്ഞു. അടുത്ത മൂന്ന് വർഷത്തിനകം വരുമാനം 200 കോടി രൂപയ്ക്കു മുകളിലെത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

